## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.3890 | 20.07.2015-ൽ മറുപടിയ്ക്ക്

## എടവിലങ്ങ് ഗ്രാമപഞ്ചായത്തിലെ ഭൂമി ഏറ്റെടുക്കൽ

**ചോദ്യം**

ശ്രീ.വി.എസ്.സുനിൽ കുമാർ

**മറുപടി**

ശ്രീ.അടൂർ പ്രകാശ്

റവന്യൂവും-കയറും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സുനാമി പുനരധിവാസ പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിലെ കയ്പമംഗലം നിയോജക മണ്ഡലത്തിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിലെ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | 17.4.2010 ലെ സ.ഉ.(സാധ)നം. 1860/10/ഡി.എം.ഡി പ്രകാരം സുനാമി പുനരധിവാസ പദ്ധതിയിൻ കീഴിൽ 109 വീടുകൾ നിർമ്മിച്ച് നൽകാൻ ഉത്തരവായിരുന്നു. ഇതിൽ 33 വീടുകൾ മാത്രമേ പൂർത്തിയാക്കുവാൻ സാധിച്ചുള്ളൂ. ബാക്കി 76 വീടുകളുടെ നിർമ്മാണ പ്രവർത്തനം ഇതിനായി ഏറ്റെടുത്ത ഭൂമിയുടെ സ്ഥലമുടമകളുടെ എതിർപ്പ്കാരണം സാധിച്ചില്ല. ഇപ്രകാരമുള്ള 76 പേരെ പുനരധിവസിപ്പിക്കുന്നതിനായി എടവിലങ്ങ് വില്ലേജിൽ 460/4, 460/5, 459/2,459/6 സർവ്വേ നമ്പറുകളിൽപ്പെട്ട 2 ഏക്കർ 82 സെന്റ് ഭൂമി വിട്ടുനൽകാമെന്ന് ബന്ധപ്പെട്ട ഭൂവുടമകൾ സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ 30.5.2014 ലെ സ.ഉ.(സാധ)നം. 2309/2014/ഡി.എം.ഡി പ്രകാരം പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 28.5.2015 ൽ ചേർന്ന |
| (ബി) | സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | എസ്.എൽ.എം.സി യോഗം പ്രസ്തുത പ്രൊപ്പോസൽ അംഗീകരിക്കുകയും ഭൂമി നെഗോഷിയേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കാൻ 15.7.2015 ലെ സ.ഉ (സാധ)നം.3661/15/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർക്ക് അനുമതി നൽകുകയും ഉണ്ടായി. |
| (സി)<br><br><br>(ഡി)<br><br>(ഇ) | ഭൂമിഏറ്റെടുത്തുവെങ്കിൽ 76 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവോ;<br><br>ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ;<br><br>പുനരധിവാസ നടപടികൾ വേഗത്തി-ലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) യും (ഡി) യും (ഇ) യും | ഭൂമി ഏറ്റെടുക്കുന്ന നടപടി ത്വരിതപ്പെടുത്തി വീടുകളുടെ നിർമ്മാണം ആരംഭിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ